**<u>പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ഉത്തരവ്</u>**

**സാന്നിധ്യം - കെ.വി. മോഹൻകുമാർ. ഐ.എ.എസ്**

വിഷയം:പൊതു.വിദ്യാഭ്യാസം - ജീവനം – ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ സ്ഥാനക്കയറ്റം - പരിത്യാജപത്രം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

വായന:- ഈ ആഫീസിലെ 29.05.2017 -ലെ ഡി5/6000/2017/ഡി.പി.ഐ നമ്പർ ഉത്തരവ്

**<u>ഉത്തരവ് നമ്പർ ഡി5/6000/2017/ഡി.പി.ഐ, തീയതി 15/06/2017</u>**

വായന പ്രകാരമുള്ള ഉത്തരവ് അനുസരിച്ച് താഴെ പറയുന്ന അദ്ധ്യാപകരെ സ്ഥാനക്കയറ്റം നൽകി ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിൽ നിയമിച്ചിരുന്നു. ടി അദ്ധ്യാപകർ അവർക്ക് ലഭിച്ച സ്ഥാനക്കയറ്റം പരിത്യജിച്ചുകൊണ്ട് പരിത്യാജപത്രങ്ങൾ ഈ ഓഫീസിൽ സമർപ്പിച്ചിരിക്കുന്നു. താഴെ പറയുന്ന അദ്ധ്യാപകർ സമർപ്പിച്ച പരിത്യാജപത്രങ്ങൾ അംഗീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. സ്ഥാനക്കയറ്റം താൽക്കാലികമായി പരിത്യജിച്ചവർ കാലാവധി പൂർത്തിയാകുമ്പോൾ പ്രത്യേകമായി അപേക്ഷ ഈ ഓഫീസിൽ സമർപ്പിക്കുവാനും നിർദ്ദേശിക്കുന്നു. (കാലാവധി തീർന്ന് ഒരാഴ്ചക്കുള്ളിൽ തന്നെ). ടി ഉത്തരവ് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ് (www.educationkerala.gov.in/dpi announcements) സ്ഥാപന മേധാവികൾക്ക് ഈ ഓഫീസിൽ നിന്നും പ്രത്യേകമായി ഉത്തരവ് അയയ്ക്കുന്നതല്ല. ഉത്തരവ് ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതാണ്.

| ക്രമ നം. | റാങ്ക് നം. | പേര്/തസ്തിക സ്കൂളിന്റെ പേര് | സ്ഥാനക്കയറ്റം നൽകി നിയമിച്ച സ്ഥാപനം | സ്ഥാനക്കയറ്റം പരിത്യജിച്ച കാലയളവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | 1965/91-96 | സുവർണ്ണ എം.എസ് ഹെഡ്മിസ്ട്രസ്സ്, ജി.എൽ.പി.എസ് വെല്ലൂർ | ഗവൺമെന്റ് ജി.എച്ച്.എസ്. കുട്ടിക്കോൽ കാസർഗോഡ് | സ്ഥിരമായി | |
| 2 | 2305 | റൂബി ജോർജ്ജ് ഓലക്കങ്ങൽ എച്ച്.എസ്.എ ജി.വി.എച്ച്..എസ് ചിറ്റൂർ | ജി.എച്ച്.എസ് കുടയത്തൂർ ഇടുക്കി | 3 വർഷവും 6 മാസവും (29.05.2017 മുതൽ 30.11.2020 വരെ) | |

**ഒപ്പ്/-**

**കെ.വി.മോഹൻകുമാർ ഐഎഎസ്**

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

**//അംഗീകാരത്തോടെ**

**സൂപ്രണ്ട്**

**സ്വീകർത്താവ്**

1. ബന്ധപ്പെട്ട സ്കൂൾ പ്രഥമാദ്ധ്യാപകർ/പ്രിൻസിപ്പാൾ (മേൽ വിവരം ബന്ധപ്പെട്ട അദ്ധ്യാപകരുടെ സേവനപുസ്തകത്തിൽ സാക്ഷ്യപ്പെടുത്തേണ്ടതാണ്)
2. ബന്ധപ്പെട്ട അദ്ധ്യാപകർക്ക്
3. ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക്
4. കരുതൽ ഫയൽ